പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2945.

15.12.2015 -ൽ
മറുപടിയ്ക്ക്

<u>സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ; അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമെന്നാണ് ; | (എ) | സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ഫ്രഷിന് അപേക്ഷിക്കാൻ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് 80% മാർക്കോ അതിനു മുകളിലോ നേടിയിരിക്കണം. അതത് വർഷം തന്നെ ഹയർസെക്കന്ററി /വൊക്കേഷണൽ ഹയർസെക്കന്ററി, പരീക്ഷ പാസ്സായിരിക്കണം. എസ്.സി.എസ്.ടി, ഒബിസി വിഭാഗങ്ങൾക്ക് 15%, 7.5%, 27% എന്നീ ക്രമത്തിലും, ഓരോ വിഭാഗത്തിലും, 3% ഭിന്ന ശേഷിയുള്ളവർക്കും സംവരണം ചെയ്തിട്ടുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഭാഗങ്ങൾക്ക് 3:2:1 എന്ന ക്രമത്തിലാണ് സംവരണം ചെയ്തിട്ടുള്ളത്. രക്ഷിതാക്കളുടെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 50%പെൺകുട്ടികൾക്കും സംവരണം ചെയ്തിട്ടുണ്ട്. ഈ വർഷം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.11.2015 ആയിരുന്നു. |
| (ബി) 80 ശതമാനത്തിന് മുകളിൽ മാർക്ക് വാങ്ങിയ പല വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് | (ബി) | 80 ശതമാനത്തിനു മുകളിൽ മാർക്ക് വാങ്ങിയ ചില വിദ്യാർത്ഥികൾക്ക് സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിച്ചില്ല എന്ന പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികളെല്ലാം തന്നെ (MHRD) എം.എച്ച്.ആർ.ഡി.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് പരാതിക്കാരെ അക്കാര്യം അറിയിക്കുകയും ചെയ്യുന്നുണ്ട്. 2008 -2009 അധ്യയന വർഷം മുതൽ 2014 -2015 അധ്യയന വർഷം വരെ 80% ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ (CSS Fresh ) നൽകുവാൻ അവസരമുണ്ടായിരുന്നു. മൊത്തം ലഭിച്ച |

| | | | |
|---|---|---|---|
| | | | അപേക്ഷകരിൽ നിന്നും മുകളിൽ സൂചിപ്പിച്ച മാനദണ്ഡമനുസരിച്ചായിരുന്നു കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നത്. എന്നാൽ ഈ അധ്യയന വർഷം ( 2015-16) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ്സൈറ്റ് തുടങ്ങുകയും അതിൽ ഹയർസെക്കന്ററിയിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ നിന്നും ലഭിച്ച 2015 മാർച്ചിൽ പാസ്സായ കുട്ടികളുടെ പട്ടികയും സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന്റെ മാനദണ്ഡവും അനുസരിച്ച് 80% ത്തിനു മുകളിൽ മാർക്ക് ലഭിച്ച കുട്ടികളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, അടുത്ത അധ്യയന വർഷം മുതൽ 80% ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ നൽകുവാൻ അവസരം നൽകണമെന്ന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |
| (സി) | ഉയർന്ന മാർക്ക് വാങ്ങിയിട്ടും അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും അവസരം നൽകുമോ;<br>വിശദാംശം നൽകുമോ ? | (സി) | സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും ഒരവസരം നൽകുക എന്നത് എം.എച്ച്.ആർ.ഡി.യുടെ (MHRD) വിവേചനാധികാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയമാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. |

Sally K

സെക്ഷൻ ഓഫീസർ